പറശ്ശിനിക്കടവു മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ ബോട്ട് സർവ്വീസ് കൂടുതലായി നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

86 ([T]1051) ജലഗതാഗതം വികസിപ്പിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-പഴയങ്ങാടി-വളപട്ടണം വഴി പറശ്ശിനിക്കടവിലേയ്ക്കുള്ള ജലഗതാഗതത്തിൽ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) 50 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകൾ 'കിൻകോ'യിൽനിന്നും വാങ്ങിക്കഴിഞ്ഞു. പുതിയതായി മൂന്നു ചെറിയ ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

87 (1053) ആക്കുളം വാട്ടർ ട്രെയിൻ പദ്ധതി

ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം മുതൽ വള്ളക്കടവ് വരെ വാട്ടർ ട്രെയിൻ ഓടിക്കാനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) രണ്ടായിരാമാണ്ടിൽ പ്രവർത്തനക്ഷമമാക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതിയ്ക്ക് കേന്ദ്രഗവൺമെന്റിൽനിന്നും എത്ര കോടി രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്;

(സി) ഇതോടനുബന്ധിച്ച് പാർവ്വതി പുത്തനാർ ഗതാഗതയോഗ്യമാക്കാൻ ലക്ഷ്യമിട്ടിരുന്നോ;

(ഡി) ഇത് വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായിട്ടാണോ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വർഷം ഈ പദ്ധതിയ്ക്ക് എന്തു തുക നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) ഇപ്രകാരം ഒരു പദ്ധതി ഗതാഗത വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

[T] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly